# PSC EASY WIN

സർവകലാശാല അസിസ്റ്റന്റ്, ലാസ്റ്റ് ഗ്രേഡ്, പോലീസ് കോൺസ്റ്റബിൾ തുടങ്ങി വിവിധ മത്സര പരീക്ഷകൾക്കുള്ള സമഗ്ര പരിശീലനം

**Prepared by:** Dr. P. Radhika, Dr. K. Radhakumari, Kamala Rausan, Jyothinatha Warrier, P. Raghavan, K. Thankamani, Harshan, V. Radhakrishnan, Karthika, Arushna J.S.

**UNIVERSITY LAST GRADE, UNIVERSITY ASSISTANT, POLICE CONSTABLE etc.**

## CURRENT AFFAIRS

# ഇന്റർനെറ്റ് സ്പീഡ് റാങ്കിങ്ങിൽ ഇന്ത്യയുടെ സ്ഥാനം

- ഏതുരാജ്യത്തെ പ്രധാനമന്ത്രിയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനത്തെ ഉപദേഷ്ടാവിന്റെ പദവിയിൽ നിയമിച്ചത്?

**റുമാനിയ (നിക്കോളചുക്ക)**

■ ഓണററി ഉപദേഷ്ടാവിന്റെ പദവിയാണ് അയോൺ (Ion) എന്ന എ.ഐ. ബോട്ടിന് നൽകിയിട്ടുള്ളത്.

■ സമൂഹമാധ്യമങ്ങളിലെ ലക്ഷക്കണക്കിന് പോസ്റ്റുകൾ പരിശോധിച്ച് ജനങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും മനസ്സിലാക്കി പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുക എന്നതാണ് അയോണിന്റെ ചുമതല.

- വിശ്വമഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ സ്മാരകം അടുത്തിടെ അനാച്ഛാദനം ചെയ്തത് യു.എസിൽ എവിടെയാണ്?

**ഹൂസ്റ്റൺ (ടെക്സസ്)**

■ ടാഗോർ മെമ്മോറിയൽ ഗ്രോവ് ആൻഡ് വാക്കിങ് മ്യൂസിയം എന്നാണ് സ്മാരകത്തിന്റെ പേര്.

- 2023 ജനുവരിയിലെ മൊബൈൽ ഇന്റർനെറ്റ് സ്പീഡ് റാങ്കിങ്ങിൽ ഇന്ത്യയുടെ സ്ഥാനം?

**69**

■ ആഗോള ഇന്റർനെറ്റ് സ്പീഡ് ടെസ്റ്റ് ഏജൻസിയായ ഊക്ലയുടെ (Ookla) കണ്ടെത്തൽ പ്രകാരമാണിത്.

■ 2022 ജനുവരിയിൽ ഇന്ത്യയുടെ സ്ഥാനം 116-ാമത് ആയിരുന്നു.

■ യു.എ.ഇ.യാണ് തുടർച്ചയായി ഒന്നാംസ്ഥാനത്ത്. ഖത്തർ, നോർവേ, ദക്ഷിണകൊറിയ, ഡെൻമാർക്ക് എന്നിവയാണ് ആദ്യ അഞ്ച് സ്ഥാനങ്ങളിൽ.

■ 2022-ൽ കൂടുതൽ തവണ ഇന്റർനെറ്റ് സേവനം റദ്ദാക്കിയ രാജ്യങ്ങളുടെ പട്ടികയിൽ ഒന്നാംസ്ഥാനത്താണ് ഇന്ത്യ.

■ ഇന്റർനെറ്റ് അവകാശങ്ങൾക്കായി പ്രവർത്തിക്കുന്ന 'ആക്സസ് നൗ' (Access Now) എന്ന സംഘടനയുടെ റിപ്പോർട്ടിലാണ് സൂചിക നൽകിയിട്ടുള്ളത്.

- ലോകബാങ്ക് മേധാവിയായി നാമനിർദേശം ചെയ്യപ്പെട്ട ഇന്ത്യക്കാരൻ?

**അജയ്ബംഗ**

■ മാസ്റ്റർ കാർഡിന്റെ മുൻ സി.ഇ.ഒ.യാണ് പുണെയിൽ ജനിച്ച 63കാരനായ ബംഗ.

- ഏതുരാജ്യത്തിന്റെ ആദ്യ ബഹിരാകാശ ടെലസ്കോപ്പ് മിഷനാണ് അൾട്രാസാറ്റ് (ULTRASAT)?

**ഇസ്രയേൽ**

■ Ultra violet Transient Astronomy Satellite എന്നാണ് പൂർണനാമം.

■ ഇസ്രയേൽ ബഹിരാകാശ കേന്ദ്രം 'നാസ'യുമായി സഹകരിച്ചുകൊണ്ട് 2026-ൽ ഇത് വിക്ഷേപിക്കും.


അജയ്ബംഗ

- പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ (PIB) പുതിയ പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ?

**രാജേഷ് മൽഹോത്ര**

- ദേശീയ ശാസ്ത്രദിനം എന്നാണ്?

**ഫെബ്രുവരി 28**

■ 1928 ഫെബ്രുവരി 28-ന് ഡോ. സി.വി. രാമൻ 'രാമൻപ്രഭാവം' (Raman effect) കണ്ടെത്തിയതിന്റെ സ്മരണാർഥമാണ് ഇന്ത്യയിൽ ദേശീയ ശാസ്ത്രദിനം ആചരിക്കുന്നത്.

■ Global Science for Global Wellbeing (ആഗോളശാസ്ത്രം ലോകനന്മയ്ക്കായി) എന്നതാണ് 2023-ലെ ദിനാചരണവിഷയം.

- ക്ലബ്ബ് ഫുട്ബോളിൽ 700 ഗോളടിച്ച് ചരിത്രനേട്ടം സ്വന്തമാക്കിയത്?

**ലയണൽ മെസ്സി**

■ 2023 ഫെബ്രുവരിയിൽ പാരിസിൽ ലീഗ് വൺ ഫുട്ബോളിൽ പി.എസ്.ജി.ക്കുവേണ്ടി മാഴ്സെയ്ക്കെതിരേ കളിക്കവേയാണ് 700 ഗോൾ തികച്ചത്. 839 കളികളിൽനിന്നാണ് ഈ നേട്ടം.

■ 700 ഗോൾ ക്ലബ്ബിലെത്തുന്ന രണ്ടാമത്തെ താരമാണ് മെസ്സി. പോർച്ചുഗലിന്റെ ക്രിസ്റ്റിയാനോ റൊണാൾഡോയാണ് ആദ്യതാരം (701).

- ടെലികോം മേഖലയിലെ കണ്ടുപിടിത്തങ്ങൾക്ക് യു.എസ്സിലെ മാർക്കോണി ഫൗണ്ടേഷൻ നൽകുന്ന മാർക്കോണി പുരസ്കാരം (2023) ലഭിച്ച ഇന്ത്യൻ വംശജൻ?

**ഹരി ബാലകൃഷ്ണൻ**

■ കംപ്യൂട്ടർ സയൻസ്, നിർമിത ബുദ്ധി എന്നിവയിൽ മാസച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ പ്രൊഫസറാണ് നാഗ്പുരിൽനിന്നുള്ള ഹരി.

- അന്താരാഷ്ട്ര ക്രിക്കറ്റിൽ ഇന്ത്യയ്ക്കുവേണ്ടി ഏറ്റവുമധികം വിക്കറ്റുകൾ വീഴ്ത്തിയ എത്രാമത്തെ ബൗളറാണ് ആർ. അശ്വിൻ?

**മൂന്നാമൻ**

■ ക്രിക്കറ്റിലെ എല്ലാ ഫോർമാറ്റുകളിലുമായി 689 വിക്കറ്റുകളാണ് ചെന്നൈ സ്വദേശിയായ 36-കാരൻ അശ്വിൻ നേടിയത്.

■ 687 വിക്കറ്റുകൾ നേടിയ കപിൽദേവിനെയാണ് മറികടന്നത്.

■ 953 വിക്കറ്റെടുത്ത അനിൽ കുംബ്ലെയാണ് ഒന്നാംസ്ഥാനത്ത്. ഹർഭജൻ സിങ്ങാണ് (707) രണ്ടാമത്.

- 2022-ലെ ഏത് നൊബേൽ ജേതാവിനാണ് അദ്ദേഹത്തിന്റെ രാജ്യത്തെ കോടതി 10 വർഷത്തെ തടവുശിക്ഷ വിധിച്ചത്?

**അലെസ് ബിയാലിയാറ്റ്സ്കി**

■ ബെലാറുസിലെ സർക്കാർ വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് സാമ്പത്തിക നിയമസഹായം നൽകിയെന്ന കുറ്റത്തിനാണ് ബിയാലിയാറ്റ്സ്കി ഉൾപ്പെടെ നാല് മനുഷ്യാവകാശ പോരാളികൾക്ക് ശിക്ഷവിധിച്ചത്.

■ 1994 മുതൽ അധികാരത്തിലുള്ള പ്രസിഡന്റ് അലക്സാണ്ടർ ലൂക്കാഷെൻകോക്കെതിരേ 2020-ൽ നടന്ന ദേശീയ പ്രക്ഷോഭത്തെ തുടർന്നാണ് ബിയാലിയാറ്റ്സ്കിയും മറ്റ് നേതാക്കളും അറസ്റ്റിലായത്.

■ തടവിൽ കഴിയവെയാണ് അദ്ദേഹത്തിന് സമാധാനത്തിനുള്ള നൊബേൽ സമ്മാനം പ്രഖ്യാപിക്കപ്പെട്ടത്.

■ അഭിഭാഷകൻ കൂടിയായ ബിയാലിയാറ്റ്സ്കി 1980 കളുടെ മധ്യത്തിൽ സോവിയറ്റ് ഭരണകാലത്ത് ബെലാറുസിൽ ഉയർന്നുവന്ന ജനാധിപത്യ പ്രസ്ഥാനത്തിന്റെ നേതാക്കളിൽ പ്രധാനിയാണ്.

■ പ്രസിഡന്റ് ലൂക്കാഷെൻകോ സ്വേച്ഛാധിപത്യഭരണം ആരംഭിച്ചപ്പോഴാണ് 'വിയാസ്ന' (Viasna) എന്ന മനുഷ്യാവകാശ സംഘടന രൂപവത്കരിച്ച് പ്രക്ഷോഭരംഗത്ത് ഇറങ്ങിയത്.

- ബ്രിട്ടനുമായുള്ള ഏത് ഉടമ്പടിയിൽനിന്നാണ് അർജന്റീന അടുത്തിടെ പിന്മാറിയത്?

**ഫോക്‌ലൻഡ് ഡ്വീപ് ഉടമ്പടി**

■ ദക്ഷിണ അറ്റ്ലാന്റിക് സമുദ്രത്തിൽ സ്ഥിതിചെയ്യുന്ന ഫോക്‌ലൻഡ് ദ്വീപുകളുടെ അവകാശത്തെച്ചൊല്ലി ഇരുരാജ്യങ്ങളും തമ്മിൽ 1982-ൽ 10 ആഴ്ചയിലേറെ നീണ്ടുനിന്ന അപ്രഖ്യാപിത യുദ്ധം നടന്നിരുന്നു.

■ 2016-ലാണ് ഊർജം, കപ്പൽ വ്യാപാരം, മത്സ്യബന്ധനം എന്നിവയിൽ സഹകരിക്കാൻ ഇരു രാജ്യങ്ങളും ഉടമ്പടിയിലെത്തിയത്.

■ ഫോക്‌ലൻഡ് ദ്വീപുകൾ അർജന്റീനയിൽനിന്ന് 600 കിലോമീറ്ററും ബ്രിട്ടനിൽനിന്ന് 12,985 കിലോമീറ്ററും അകലെയാണ്.

■ ഉടമ്പടിയിൽനിന്ന് അർജന്റീന പിൻമാറിയതോടെ ദ്വീപസമൂഹം പൂർണമായും തങ്ങളുടെ അധീനതയിലായെന്നാണ് ബ്രിട്ടന്റെ പ്രതികരണം.



- ആഗോളഫുട്ബോൾ സംഘടനയായ ഫിഫയുടെ 2023-ലെ മികച്ച താരമായത്?

**ലയണൽമെസ്സി (അർജന്റീന)**

■ ഫൈനൽ റൗണ്ടിൽ പി.എസ്.ജി.യിലെ സഹതാരം ഫ്രാൻസിന്റെ കിലിയൻ എംബാപ്പെ, റയൽ മാഡ്രിഡിന്റെ ഫ്രഞ്ച്താരം കരിം ബെൻസിമ എന്നിവരെ പിന്തള്ളിയാണ് 35കാരനായ മെസ്സി 'ഫിഫ ദ ബെസ്റ്റ്' പുരസ്കാരം നേടിയത്.

■ ഫിഫയുടെ ഏഴ് പുരസ്കാരങ്ങൾ ഇതിനകം മെസ്സി നേടിയിട്ടുണ്ട്. ഫിഫ വേൾഡ് പ്ലെയർ ഓഫ് ദ ഇയർ പുരസ്കാരം ഒരുപ്രാവശ്യവും ഫിഫ ബാലൻ ദ്യോർ നാലുതവണയും ഫിഫ ദ ബെസ്റ്റ് രണ്ടുപ്രാവശ്യവും നേടി.

**മറ്റ് പ്രധാന പുരസ്കാരങ്ങൾ:**

■ മികച്ച പരിശീലകൻ- ലയണൽ സ്കലോണി (അർജന്റീന)

■ വനിതാപരിശീലക- സറീന വെയ്ഗ്മാൻ (ഇംഗ്ലണ്ട്)

■ ഗോൾകീപ്പർ- എമിലിയാനോ മാർട്ടിനെസ് (അർജന്റീന)

■ വനിതാ ഗോൾകീപ്പർ- മേരി ഇയർപ്സ് (ഇംഗ്ലണ്ട്)

■ മികച്ചഗോൾ (പുസ്കാസ് പുരസ്കാരം)- മാർസിൻ ഒലെസ്കി (പോളണ്ട്)

■ മികച്ച ആരാധകർ (ഫാൻസ്)- അർജന്റീന

# ചൈനീസ് പ്രസിഡന്റായി വീണ്ടും ഷി ജിൻപിങ്; ലി ചിയാങ് പ്രധാനമന്ത്രി

- തുടർച്ചയായ മൂന്നാംതവണയും ചൈനീസ് പ്രസിഡന്റാകാൻ ഷി ജിൻപിങ്ങിന് പാർലമെന്റിന്റെ അംഗീകാരം. പാർലമെന്റിന്റെ ഐകകണ്ഠ്യേനയുള്ള തീരുമാനത്തിലൂടെ ചൈനയുടെ ഭരണതലപ്പത്തും ചൈനീസ് ആർമി തലവനയായും ആജീവനാന്തം തുടരാനുള്ള അലിഖിത അനുമതി ഷി ജിൻപിങ്ങിന് ലഭിച്ചു.
- അഞ്ചുവർഷമാണ് ചൈനയിൽ പ്രസിഡന്റിന്റെ കാലാവധി. സമീപകാലത്ത് മറ്റൊരുപ്രസിഡന്റും തുടർച്ചയായി മൂന്നുതവണ അധികാരത്തിലെത്തിയിട്ടില്ല.
- ഷി ജിൻപിങ്ങിന്റെ അടുത്ത അനുയായി ലി ചിയാങ് ആണ് ചൈനയുടെ പുതിയ പ്രധാനമന്ത്രി.
- ചൈനയിലെ പാർലമെന്റായ നാഷണൽ പീപ്പിംസ് കോൺഗ്രസിൽ ശനിയാഴ്ച നടന്ന വോട്ടെടുപ്പിൽ 2947 അംഗങ്ങളിൽ 2936 വോട്ടു നേടിയാണ് ചിയാങ് പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടത്.
- പത്തുവർഷമായി പ്രധാനമന്ത്രിപദത്തിലുള്ള ലി കെക്യാങ് രാഷ്ട്രീയം വിടുകയാണെന്ന് നേരത്തേ പ്രഖ്യാപിച്ചിരുന്നു.

## ടെലിവിഷൻ ലൈഫ്ടൈം അവാർഡ് ശ്യാമപ്രസാദിന്



- മലയാള ടെലിവിഷൻ മേഖലയ്ക്ക് നൽകിയ സംഭാവന പരിഗണിച്ച് സംസ്ഥാന സർക്കാരിന്റെ പരമോന്നത ദൃശ്യമാധ്യമ പുരസ്കാരമായ ടെലിവിഷൻ ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് ശ്യാമപ്രസാദിന് നൽകും.
- രണ്ട് ലക്ഷം രൂപയും പ്രശംസാപത്രവും ശില്പവും അടങ്ങുന്നതാണ് പുരസ്കാരം.

## നിസാർ ഉപഗ്രഹവുമായി യു.എസ്. വിമാനമെത്തി

- അമേരിക്കൻ ബഹിരാകാശ ഏജൻസിയായ നാസയും ഇന്ത്യൻ ബഹിരാകാശഗവേഷണ കേന്ദ്രവും ചേർന്ന് വികസിപ്പിച്ച ഭൗമനിരീക്ഷണ ഉപഗ്രഹം നിസാർ (നാസ- ഇസ്റോ സിന്തറ്റിക് അപേർച്ചർ റഡാർ) ഇന്ത്യക്ക് കൈമാറി.
- ഉപഗ്രഹം വഹിച്ച് യുഎസിന്റെ സി-17 വിമാനം ബെംഗളൂരുവിലാണ് ഇറങ്ങിയത്.
- 2014- ലാണ് നാസ ജെറ്റ് പ്രൊപ്പൽഷൻ ലബോറട്ടറിയിൽ ഉപഗ്രഹനിർമാണം തുടങ്ങിയത്.
- കാർഷികഭൂപടങ്ങൾ, ഉരുൾപൊട്ടൽ സാധ്യതാ പ്രദേശങ്ങൾ തുടങ്ങിയ വിവിധ നിരീക്ഷണങ്ങൾക്കാണ് നിസാർ ഉപയോഗിക്കുക. അടുത്തവർഷം ഉപഗ്രഹം വിക്ഷേപിക്കും.

## എൽ.ഐ.സിക്ക് പുതിയ മേധാവി

- ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ (എൽ.ഐ.സി.) ചെയർമാൻ എം.ആർ. കുമാർ വിരമിച്ചു.
- കമ്പനിയുടെ ഇടക്കാല ചെയർമാനായി സിദ്ധാർഥ മൊഹന്തി ചുമതലയേറ്റു.
- നിലവിൽ കമ്പനിയുടെ മാനേജിങ് ഡയറക്ടറാണ് മൊഹന്തി.

## ഏറ്റവും നീളമേറിയ റെയിൽവേ പ്ലാറ്റ്ഫോം ഹുബ്ബള്ളിയിൽ

- ലോകത്തിലെ ഏറ്റവും നീളമുള്ള റെയിൽവേ പ്ലാറ്റ്ഫോം ഹുബ്ബള്ളി ശ്രീ സിദ്ധരൂഢസ്വാമി സ്റ്റേഷനിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു. 1505 മീറ്ററാണ് നീളം.
- 550 മീറ്റർ നീളമുള്ള ഒന്നാംനമ്പർ പ്ലാറ്റ്ഫോം നീളം കൂട്ടിയാണ് 1505 മീറ്ററിൽ നിർമിച്ചത്.

## വായുമലിനീകരണം കൂടിയ 39 നഗരങ്ങൾ ഇന്ത്യയിൽ

- ലോകത്തെ വായുമലിനീകരണം കൂടിയ ആദ്യ 50 നഗരങ്ങളിൽ 39 എണ്ണവും ഇന്ത്യയിൽ.
- രാജ്യങ്ങളിൽ ഇന്ത്യ എട്ടാംസ്ഥാനത്താണ്. കഴിഞ്ഞവർഷം ഇത് അഞ്ചാംസ്ഥാനമായിരുന്നു.
- ആഫ്രിക്കൻ രാജ്യമായ ചാഡാണ് വായുമലിനീകരണം കൂടിയ രാജ്യം. ഇറാഖ് രണ്ടാംസ്ഥാനത്തും.
- പാകിസ്താനിലെ ലഹോറും ചൈനയിലെ ഹൊടാനുമാണ് ഏറ്റവും മലിനമായ നഗരങ്ങളിൽ ഒന്നും രണ്ടും സ്ഥാനത്തുള്ളത്. രാജസ്ഥാനിലെ ഭിവാഡിയാണ് മൂന്നാംസ്ഥാനത്ത്. ഡൽഹിയാണ് നാലാംസ്ഥാനത്ത്.

## മാധവ് കൗശിക് കേന്ദ്ര സാഹിത്യ അക്കാദമി പ്രസിഡന്റ്

- കേന്ദ്ര സാഹിത്യ അക്കാദമി പ്രസിഡന്റായി ഹിന്ദി കവി മാധവ് കൗശികിനെ തിരഞ്ഞെടുത്തു. അക്കാദമിയുടെ മുൻ വൈസ് പ്രസിഡന്റാണ് അദ്ദേഹം.
- ഡൽഹി സർവകലാശാല ഹിന്ദി വിഭാഗം മേധാവിയും എഴുത്തുകാരിയുമായ പ്രൊഫ. കുമുദ് ശർമ വൈസ് പ്രസിഡന്റായും തിരഞ്ഞെടുക്കപ്പെട്ടു. കേന്ദ്ര സർക്കാർ നാമനിർദേശം ചെയ്ത അംഗമായ കുമുദ് ശർമ ഈ പദവിയിലെത്തുന്ന ആദ്യ വനിതയാണ്. സി. രാധാകൃഷ്ണനെയാണ് അവർ തിരഞ്ഞെടുപ്പിൽ തോൽപ്പിച്ചത്.



- കേന്ദ്രസർക്കാർ നാമനിർദേശം ചെയ്ത അഞ്ചു പേരടക്കം ആകെ 99 അംഗങ്ങളാണ് ജനറൽ കൗൺസിലിലുള്ളത്.
- മലയാളം ഭാഷാ കൺവീനറായി അക്കാദമിയുടെ നിർവാഹക സമിതിയിലേക്ക് കെ.പി. രാമനുണ്ണി തിരഞ്ഞെടുക്കപ്പെട്ടു. വിജയലക്ഷ്മി, മഹാദേവൻ തമ്പി എന്നിവരാണ് കേരളത്തിൽനിന്ന് ജനറൽ കൗൺസിലിലുള്ള മറ്റുള്ളവർ. അഞ്ചുവർഷമാണ് കൗൺസിലിന്റെ കാലാവധി.

## ബെംഗളൂരു- മൈസൂരു അതിവേഗപാത തുറന്നു

- 118 കിലോമീറ്റർ നീളമുള്ള ബെംഗളൂരു-മൈസൂരു അതിവേഗപാത പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു.
- 75 മുതൽ 80 മിനിറ്റുകൊണ്ട് മൈസൂരുവിൽനിന്ന് ഐ.ടി. നഗരമായ ബെംഗളൂരുവിലേക്ക് എത്താനാകും എന്നതാണ് പ്രത്യേകത.

## ഡൽഹി വനിതാകമ്മിഷന്റെ വനിതാദിന പുരസ്കാരം

- അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് വിവിധ മേഖലയിൽ പ്രചോദനം നൽകുന്ന പ്രവർത്തനം കാഴ്ചവെച്ചവർക്കുള്ള പുരസ്കാരം വിതരണം ചെയ്തു. പുരസ്കാര ജേതാക്കളിൽ നാല് മലയാളികളുണ്ട്.
- കുട്ടിയമ്മ കോന്തി, ഡോണാ മാത്യു, ആനി അബ്രഹാം, ടിഫാനി ബ്രാർ എന്നിവരാണ് പുരസ്കാരം ലഭിച്ച മലയാളികൾ.

## വി. നാഗ്ദാസ് കേന്ദ്ര ലളിതകലാ അക്കാദമി അധ്യക്ഷൻ

- മലയാളിയും ഗ്രാഫിക്സ് ചിത്രകാരനുമായ പ്രൊഫ. വി. നാഗ്ദാസിനെ കേന്ദ്ര ലളിതകലാ അക്കാദമി അധ്യക്ഷനായി നിയമിച്ചു. മൂന്നുവർഷത്തേക്കാണ് നിയമനം.



- കേന്ദ്ര ലളിതകലാ അക്കാദമി പുരസ്കാരം, കേരള ലളിതകലാ അക്കാദമി പുരസ്കാരം എന്നിവയടക്കം ഒട്ടേറെ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

## യു.എസിൽ ബാങ്ക് തകർച്ച

- അമേരിക്കയിൽ 2008-ന് ശേഷമുള്ള വലിയ ബാങ്ക് തകർച്ച വീണ്ടും. സ്റ്റാർട്ടപ്പ് കമ്പനികൾക്ക് സഹായധനം നൽകി വന്നിരുന്ന സിലിക്കൺ വാലി ബാങ്ക് (എസ്.വി.ബി.) തകർന്നതായി നിക്ഷേപകരെ അറിയിച്ചു.
- കാലിഫോർണിയയിലെ ബാങ്കിങ് നിയന്ത്രണ ഏജൻസിയായ ഡിപ്പാർട്ട്മെന്റ് ഓഫ് ഫിനാൻഷ്യൽ പ്രൊട്ടക്ഷൻ ആൻഡ് ഇന്നൊവേഷൻ (ഡി.എഫ്.പി.ഐ.) ബാങ്ക് പൂട്ടിയതായി പ്രഖ്യാപിച്ചു. തുടർന്ന് ഫെഡറൽ ഡെപ്പോസിറ്റ് ഇൻഷുറൻസ് കോർപ്പറേഷൻ (എഫ്.ഡി.ഐ.സി.) ഇതിലെ നിക്ഷേപ നിയന്ത്രണം ഏറ്റെടുത്തു.
- വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി യു.എസ്. ഫെഡറൽ റിസർവ് പലിശ അടിക്കടി വർധിപ്പിച്ചതിന്റെ ആദ്യ ഇരയാണ് ബാങ്ക് എന്നാണ് പൊതു വിലയിരുത്തൽ.

### വിട

## കെൻസാബുറോ

- സാഹിത്യ നൊബേൽ ജേതാവായ ജാപ്പനീസ് നോവലിസ്റ്റ് കെൻസാബുറോ ഓയെ അന്തരിച്ചു.
- വിദ്യാർഥിയായിരിക്കുമ്പോൾത്തന്നെ സാഹിത്യരചന തുടങ്ങിയ അദ്ദേഹത്തിന് 1994-ലാണ് നൊബേൽ ലഭിച്ചത്.
- രണ്ടാംലോകയുദ്ധം ആഴത്തിൽ മുറിവേൽപ്പിച്ച തലമുറയിൽപ്പെട്ട എഴുത്തുകാരനായാണ് കെൻസാബുറോ സ്വയം വിശേഷിപ്പിച്ചത്.
- സമാധാനവാദിയായിരുന്ന ഓയേ ആണവ വിരുദ്ധപ്രവർത്തകനുമായിരുന്നു.